പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7039

13.07.12-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയിലെ പ്രതിസന്ധി മറികടക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയും വിമാനയാത്രാനിരക്കിലുണ്ടായ വർദ്ധനവും സംസ്ഥാനത്തെ ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;<br><br>ബി ) ഇത് ഏതെല്ലാം തരത്തിലാണ് സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>സി ഇത് മറികടക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | എ)<br>ബി)<br>&<br>സി) യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് യു.കെ പോലുള്ള രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ വരവിൽ ചെറിയ തോതിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഫ്രാൻസ് പോലുള്ള രാജ്യങ്ങളിൽ നിന്നും സഞ്ചാരികളുടെ വരവിൽ 2011 വർഷത്തിൽ പ്രകടമായ വർദ്ധനവും കണ്ടിരുന്നു. സാമ്പത്തിക മാന്ദ്യം കേരളാ ടൂറിസത്തെ ബാധിക്കാതിരിക്കുന്നതിലേക്കായി തദ്ദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ടുകൊണ്ട് വിവിധപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സാമ്പത്തിക മാന്ദ്യം കാര്യമായി ബാധിക്കാത്ത മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ കൂടുതൽ വിപണന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി "അൽ ജസീറ" തുടങ്ങിയ അറബ് ടിവി ചാനലുകളിൽ പരസ്യ പ്രചാരണം വിവിധ അറബ് അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചാരണം, സൗദി അറേബ്യയിലെ വിവിധ നഗരങ്ങളിൽ ഔട്ട്ഡോർ പരസ്യ പ്രചാരണം എന്നിവ നടത്തുകയുണ്ടായി. റിയാദ്, ജിദ്ദ, ദമാം എന്നീ നഗരങ്ങളിൽ കേരളത്തിൽ നിന്നുള്ള സ്വകാര്യ സംരംഭകരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ